# അടിസ്ഥാന പാഠാവലി

## ക്ലാസ് 10

തയാറാക്കിയത്

സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി (SCERT), കേരളം

2011

## യൂണിറ്റ് - 2

## വേണമീസ്നേഹബന്ധങ്ങളൂഴിയിൽ

1. ‘തോരാമഴ’ എന്ന ശീർഷകം മകൾ നഷ്ടപ്പെട്ട ഉമ്മയുടെ മനസ്സിന്റെ പ്രതീകമാണോ? നിങ്ങളുടെ അഭിപ്രായം സമർഥിക്കുക കുറിപ്പ് തയാറാക്കുക. *(സ്കോർ 2)*

2. “ഹൃദയമൊരുദ്യാനം. അവിടെ സ്നേഹത്തിന്റെ അല്ലെങ്കിൽ വെറുപ്പിന്റെ വിത്തിടാം. സ്നേഹത്തിന്റെ വിത്താണവിടെ വീണു പൂക്കുന്നതെങ്കിൽ അവിടെ ദയയുടെയും ശാന്തിയുടെയും പരിമളം പരക്കുന്നു”.

   “ഇത്തിരി സ്നേഹമാണല്ലോ
   മനുഷ്യന്നു മഹാധനം”

   - തന്നിരിക്കുന്ന രചനാഭാഗങ്ങളെ താരതമ്യം ചെയ്തു സ്നേഹമാഹാത്മ്യത്തെക്കുറിച്ച് ഒരു കുറിപ്പ് തയാറാക്കുക. *(സ്കോർ 4)*

3. ഉപഭോഗ സംസ്കാരത്തിന് അടിമപ്പെട്ടുകൊണ്ടിരിക്കുന്ന ആധുനിക മനുഷ്യന്റെ പ്രതീകമാണ് എന്തൊക്കെയോ നഷ്ടപ്പെട്ട ഒരാൾ എന്ന കഥയിലെ രമണി. കഥ വിശകലനം ചെയ്ത് കഥാപാത്രനിരൂപണം തയാറാക്കുക. *(സ്കോർ 4)*

4. നാവേറും കണ്ണേറുമേൽക്കാതെയീമല-
   നാടിനെപ്പോറ്റുന്ന ഗാനം
   നാഗഫണം വിതർത്താടിയ പുള്ളുവ-
   വീണയിന്നെന്തേ മയങ്ങി.

   - നഷ്ടപ്പെടുന്ന നാടോടി സംസ്കൃതിയെക്കുറിച്ച് കവിക്കുള്ള ദുഃഖം ‘കൊച്ചുദുഃഖങ്ങളുറങ്ങൂ’ എന്ന കവിതയിൽ പ്രകടമാണോ? കവിത പരിശോധിച്ചു വിശദമാക്കുക. *(സ്കോർ 6)*

5. കണ്ണുള്ളവർക്കൊക്കെ
   കണ്ണീരുണ്ടാകും
   പക്ഷേ, കണ്ണുള്ളവരെല്ലാം
   കണ്ണീര് കാണാറില്ല.
   അതു കാണാൻ കണ്ണല്ല
   ഹൃദയമാണ് വേണ്ടത്. **- പി.കെ. പാറക്കടവ്**

   - ഈ മിനിക്കഥയിലെ ആശയം ‘എന്തൊക്കെയോ നഷ്ടപ്പെട്ട ഒരാൾ’ എന്ന കഥയിലെ പ്രമേയവുമായി പൊരുത്തപ്പെടുന്നുണ്ടോ? നിങ്ങളുടെ നിരീക്ഷണം ഒരു കുറിപ്പായി എഴുതുക. *(സ്കോർ 5)*

6. 
   - നാവേറും, കണ്ണേറുമേൽക്കാതെയീ മല-
     നാടിനെപ്പോറ്റുന്നഗാനം
   - നാഗഫണം വിതർത്താടിയ പുള്ളുവ വീണ
   - തൊട്ടുണർത്തീടുന്നു പിന്നെയിളംവെയിൽ
     മൊട്ടുകളിക്കിളിക്കൂട്ടി

- തെച്ചിപ്പഴങ്ങളിറുത്തുകൊണ്ടോടുന്ന
  തെക്കൻ മണിക്കാറ്റുമോതി

– കവിയെ പ്രചോദിപ്പിച്ച ഈ ഗ്രാമീണ ചിത്രങ്ങളുടെ ഭംഗി വിശകലനം ചെയ്യുക. ഇവയ്ക്ക് കവിതയുടെ ഭാവതലവുമായുള്ള ബന്ധമെന്ത്? കുറിപ്പു തയാറാക്കുക. *(സ്കോർ 6)*

7. "പട്ടുസാരികളുടെ പളപളപ്പ്, അതെടുത്ത് ഒരു ചീനവലയെറിയുന്നപോലെ നമ്മുടെ മുന്നിലേക്കിടുന്ന സുന്ദരികളായ ചെറുപ്പക്കാരികളുടെ പ്രസരിപ്പ്".

– ചീനവലയെറിയുന്നപോലെ എന്ന പ്രയോഗത്തിന്റെ ഭംഗി ഒന്നോ, രണ്ടോ വാക്യത്തിൽ കുറിക്കുക. *(സ്കോർ 2)*

8. തപോനിഷ്ഠമായ ജീവിതവും പരുക്കൻ പെരുമാറ്റവും കൈമുതലായ പിതാവിൽ നിന്ന് ഇടിത്തീപോലുള്ള ഷോക്കുകൾ പൊട്ടിപ്പുറപ്പെടുന്നതും പ്രതീക്ഷിച്ച് ഉമിത്തീയിലെന്നപോലെ നീറി നിൽക്കുമ്പോഴാണ് പുതുജീവൻ നൽകുന്ന അമൃതവർഷമായി, അച്ഛന്റെ ഗീതാവാക്യം കേൾക്കുന്നത്.

– അടിവരയിട്ട പ്രയോഗങ്ങൾ സന്ദർഭത്തിനു നൽകുന്ന അർഥസാധ്യതകൾ കണ്ടെത്തി എഴുതുക. *(സ്കോർ 4)*

9.. ഉമ്മയുടെ ഒടുങ്ങാത്ത ദുഃഖത്തിന്റെ പ്രതീകമായി 'തോരാമഴ'യെ സങ്കല്പിക്കുന്നതിന്റെ ഔചിത്യം വിശദീകരിച്ച് കുറിപ്പ് തയാറാക്കുക. *(സ്കോർ 4)*

10. " പെട്ടെന്നു വന്നൂ പെരുമഴ, ഉമ്മയോ
ചിക്കെന്നകത്തു തിരഞ്ഞു ചെന്നു
വില്ലൊടിഞ്ഞെന്നു ചിണുങ്ങിടാറുള്ളൊരാ
പുള്ളിക്കുട ചെന്നെടുത്തു പാഞ്ഞു
പള്ളിപ്പറമ്പിൽ പുതുതായ് കുമിച്ചിട്ട
മണ്ണട്ടിമേലെ നിവർത്തിവച്ചു". – **തോരാമഴ**

"ഉണ്ണിക്കൈയ്ക്കെടുക്കുവാനുണ്ണിവായ്ക്കുണ്ണാൻ വേണ്ടി,
വന്നതാണീ മാമ്പഴം വാസ്തവമറിയാതെ" – **മാമ്പഴം**

– ഈ അമ്മമാർ മാതൃമനസ്സിന്റെ ചില പ്രത്യേക ഭാവങ്ങൾ പ്രതിഫലിപ്പിക്കുന്നില്ലേ? കാവ്യഭാഗങ്ങൾ വിശകലനം ചെയ്ത് കുറിപ്പു തയാറാക്കുക. *(സ്കോർ 6)*

11. "നോക്കൂ, അവളെ എന്തെങ്കിലും കൊടുത്ത്
പറഞ്ഞയക്കൂ.... പിന്നെ ശല്ല്യാവും". രമണി പറഞ്ഞു.

"അവൾക്കാരൂംല്ല്യാ". അയാൾ പറഞ്ഞു
"അതിന് നമ്മളെന്താ ചെയ്യ്യാ?".

– നമ്മുടെ സമൂഹത്തിൽ നിന്ന് സ്നേഹകാരുണ്യങ്ങൾ നഷ്ടപ്പെട്ടുകൊണ്ടിരിക്കുകയാണ് എന്ന സൂചനയാണോ രമണിയുടെ പ്രതികരണങ്ങളിൽ നിന്നും മനസ്സിലാക്കാൻ കഴിയുന്നത്? നിങ്ങളുടെ നിരീക്ഷണം സമർഥിക്കുക. *(സ്കോർ 4)*

12. “വ്യക്തിദുഃഖങ്ങളേക്കാൾ, കവി പ്രധാനമായി കരുതുന്നത് സമൂഹത്തിന്റെ ദുഃഖമാണ്”.

- കൊച്ചുദുഃഖങ്ങളുറങ്ങൂ എന്ന കവിതയെ അടിസ്ഥാനമാക്കി ഈ പ്രസ്താവനയെ വിലയിരുത്തുക. *(സ്കോർ 4)*

13. ‘എന്തൊക്കെയോ നഷ്ടപ്പെട്ട ഒരാൾ’ എന്ന കഥ സമകാലികസമൂഹത്തിന്റെ നേർചിത്രമാണ്. കഥ വിശകലനം ചെയ്ത് ഈ നിരീക്ഷണത്തിന്റെ സാധുത വിശദീകരിക്കുക. *(സ്കോർ 4)*

14.
- “ഇവിടെ ആ നിറം കിട്ടിയില്ലെങ്കിൽ നമുക്ക് തൃശൂരും കൂടി ഒന്ന് അന്വേഷിക്കാം. അവിടെ കിട്ടിയില്ലെങ്കിൽ കോയമ്പത്തൂരിൽ, അല്ലെങ്കിൽ ചെന്നെയിൽതന്നെ പോകേണ്ടിവരും. ഒരാഴ്ചയേ ഉള്ളൂ കല്യാണത്തിന്”.
- അവൾ ചോദിച്ചു. “എന്നേം കൊണ്ടുപോവ്വോ?”

  “എങ്ങോട്ട്?”

  “നിങ്ങളുടെ വീട്ടിലേക്ക്?”

- ‘എന്തൊക്കെയോ നഷ്ടപ്പെട്ട ഒരാൾ’ എന്ന കഥയിലെ രമണിയുടെയും പെൺകുട്ടിയുടെയും ഈ സംഭാഷണ ഭാഗങ്ങൾ വിശകലനം ചെയ്ത് ഇരുവരുടെയും ജീവിതാവസ്ഥകൾ വ്യക്തമാക്കുക. *(സ്കോർ 2)*

15. വിശകലനകുറിപ്പ് തയാറാക്കുക.

“ഒക്കത്തു പാട്ടിന്റെ തേൻകുടമേന്തി നീ-
യെത്തിയില്ല, ന്തിമയങ്ങി!.......
പെൺകൊടി നീ മണിത്തമ്പുരുവാക്കുമാ-
മൺകുടമിന്നാർക്കു വിറ്റു?
നാവേറും കണ്ണേറുമേൽക്കാതെയീ മല-
നാടിനെപ്പോറ്റുന്ന ഗാനം
നാഗഫണം വിതർത്താടിയ പുള്ളുവ-
വീണയിന്നെന്തോ മയങ്ങി?”

- നാടോടിപ്പാട്ടിന്റെ പല പ്രത്യേകതകളും ഈ വരികളിൽ കണ്ടെത്താം. വിശകലനം ചെയ്ത് കുറിപ്പ് തയാറാക്കുക. *(സ്കോർ 4)*

16. സൂചനകൾ വ്യാഖ്യാനിക്കുക

“അക്കൊച്ചു ശാരിക! ഭൂമി കന്യയ്ക്കെഴും
ദുഃഖങ്ങൾ പാടിയ തയ്യൽ -
നാടു വെടിഞ്ഞുപോം നന്മകൾ തൻകഥ
പാടിയ പൈങ്കിളിപ്പൈതൽ”

- ഈ വരികളിലൂടെ ധ്വനിപ്പിക്കപ്പെടുന്നതെന്തൊക്കെ? വിശകലനം ചെയ്ത് കുറിപ്പ് തയാറാക്കുക. *(സ്കോർ 4)*

17. **കണ്ടെത്തിയെഴുതുക.**

- 'കദളി വനഹൃദയനീഡത്തിലൊരു കിളിമുട്ടയടവച്ചു
  കവിതയായ് നീ വിരിയിപ്പതും" - **ഭൂമിയ്ക്കൊരു ചരമഗീതം**

- 'കൊക്കു വിടർത്തുന്നിതെന്നിലെയേകാന്ത-
  തപ്തമാം നീഡത്തിനുള്ളിൽ
  അക്കൊച്ചു ശാരിക! ഭൂമികന്യയ്ക്കെഴും
  ദുഃഖങ്ങൾ പാടിയ തയ്യൽ' - **കൊച്ചുദുഃഖങ്ങളുറങ്ങൂ...**

- കവിതയെ കിളിയാക്കി സങ്കൽപ്പിക്കുന്നതിലൂടെ കവിതയുടെ എന്തെല്ലാം പ്രത്യേകതകളാണ് സൂചിപ്പിക്കപ്പെടുന്നത്? *(സ്കോർ 4)*

18. **വിലയിരുത്തൽ കുറിപ്പ് തയാറാക്കുക.**

'മാതൃദുഃഖത്തിന്റെ അഗാധത ലളിതമായും ഹൃദയദ്രവീകരണ ശക്തിയോടെയും ആവിഷ്കരിച്ചിരിക്കുന്ന കവിതയാണ് തോരാമഴ'.

- ഈ അഭിപ്രായത്തെ വിലയിരുത്തി കുറിപ്പ് തയാറാക്കുക. *(സ്കോർ 4)*

## യൂണിറ്റ് - 03
## അലയും മലയും കടന്നവർ

19. **ഒട്ടകം**

പ്രസവിച്ചപ്പോൾ
ഞാൻ ഒട്ടകമാണെന്ന് അമ്മ പറഞ്ഞു.
അതുകൊണ്ട് അമ്മയെന്നെ ആട്ടിയകറ്റി,
മരുഭൂമിയിലേക്കു വിട്ടു.
വീട്ടിലെ സകലഭാരവും
മുതുകിൽ വച്ചുതരാനും മറന്നില്ലമ്മ.
കാലങ്ങളോളം ചുമന്നു ചുമന്ന്....
മരുഭൂമി മുഴുവൻ ചുറ്റിത്തീർത്ത് തീർത്ത്
വീട്ടിലെത്തിയപ്പോൾ
അമ്മയും സഹോദരങ്ങളും ചോദിച്ചു.
ഒട്ടകത്തിനു വീട്ടിലെന്താ കാര്യം?
വല്ല മരുഭൂമിയിലേക്കും പൊയ്ക്കൂടേ?
ഞാനിപ്പോഴും മരുഭൂമിയിലാണ്. - **ജോർജ് ജോസഫ് കെ.**

- കവിതയുടെ പ്രമേയം, ആസ്വാദനാംശങ്ങൾ ഇവ പരിഗണിച്ച് ആസ്വാദനം തയാറാക്കുക. *(സ്കോർ 6)*

20. ഞാനും ഒരു അർബാബും കുറേ ആടുകളും മാത്രമുള്ള ഒരു അന്യഗ്രഹത്തിലാണ് എന്റെ താമസം എന്ന എന്റെ വാചകത്തെ വല്ലപ്പോഴുമെങ്കിലും മുറിച്ചുകളയുന്നത് ആഴ്ചയിൽ രണ്ടുപ്രാവശ്യം വരുന്ന വെള്ളം വണ്ടിയും ആഴ്ചയിൽ ഒരിക്കൽ വരുന്ന പോച്ചക്കച്ചി ട്രെയിലറും മാസത്തിലൊരിക്കൽ വരുന്ന ഗോതമ്പു ലോറിയുമാണ്. **- ആടുജീവിതം.**

- കഥാപാത്രത്തിന്റെ ജീവിതാവസ്ഥയെക്കുറിച്ച് എന്തൊക്കെ സൂചനകളാണ് ഈ വാക്യത്തിൽ നിന്നു ലഭിക്കുന്നത്? *(സ്കോർ 2)*

21. "കുതിച്ചു തീവണ്ടി കിതച്ചു പായുന്നു
കുതുകാൽ ചിന്തകൾ കുതിക്കുന്നു മുമ്പേ". **- ആസാം പണിക്കാർ**

- ജന്മനാട്ടിലേക്ക് തിരിച്ചുവരുന്ന തൊഴിലാളികളുടെ മാനസികാവസ്ഥ ഈ വരികളിൽ എത്രത്തോളം പ്രകടമാണ്? വിശദീകരിക്കുക. *(സ്കോർ 2)*

22. "ഒരു മനുഷ്യനെ കണ്ട സന്തോഷത്തിൽ ഞാനയാളെ ഒന്നു തൊടുക പോലുമുണ്ടായി. അപ്പോൾ എന്റെ ഉള്ളിലൂടെ ആത്മനിർവൃതിയുടെ ഒരു കുളിർരേഖ കടന്നുപോകുന്നതു ഞാൻ വ്യക്തമായും അനുഭവിച്ചു".

- ഈ വാക്യങ്ങൾ വെളിപ്പെടുത്തുന്ന മാനസികഭാവങ്ങൾ കഥാസന്ദർഭവുമായി ബന്ധപ്പെടുത്തി വിശകലനം ചെയ്യുക. *(സ്കോർ 4)*

23. "എന്നാലും ആ വണ്ടികൾ മസറയോടടുക്കുമ്പോൾ എന്റെ മനസ്സ് എന്തെന്നില്ലാത്ത ഒരു സന്തോഷം കൊണ്ടു പിടയും".... പക്ഷേ, എന്നെ അകലത്താക്കി ആ വണ്ടികൾ പൊടിപറത്തി ദൂരേക്ക് ഓടി മറയുമ്പോൾ എന്നിൽ നിന്ന് ഒരു ലോകം തന്നെ ഓടി മറയുന്നതായിട്ടാണ് എനിക്കു തോന്നുക. അന്നേരം ഹൃദയം വാർന്നൊഴുകിപ്പോയതുപോലെ ഒരു തളർച്ച എന്നെ ബാധിക്കും".

- 'ഹൃദയം വാർന്നൊഴുകിപ്പോയതുപോലെ' എന്ന പ്രയോഗം ധ്വനിപ്പിക്കുന്ന ആശയങ്ങൾ കണ്ടെത്തി കുറിക്കുക. *(സ്കോർ 2)*

24. "ഇതു നജീബിന്റെ കഥയല്ല, ജീവിതമാണ്! ആടുജീവിതം. **- ബന്യാമിൻ**

- 'ആടുജീവിതം' എന്ന പ്രയോഗം ധ്വനിപ്പിക്കുന്നതെന്തൊക്കെയെന്ന് വിശദീകരിക്കുക. *(സ്കോർ 4)*

25. "കരുണാമയനായ അല്ലാഹുവേ, നീ എനിക്കു തന്ന കഠിന ദിവസങ്ങളിലൂടെ നടന്നുപോകേണ്ടത് എന്റെ മാത്രം വിധിയായിരുന്നു. അതിന്റെ പേരിൽ നിരപരാധിയായ ഒരു മനുഷ്യനോട് ദ്വേഷിക്കുകയും മനസ്സിൽ ശപിക്കുകയും ചെയ്തതിനു നീ എന്നോടു പൊറുക്കേണമേ......" **- ആടുജീവിതം**

- ഈ പ്രാർഥനയിൽ തെളിയുന്ന നജീബിന്റെ വ്യക്തിത്വത്തിന്റെ സവിശേഷത വിശകലനം ചെയ്ത് കുറിപ്പെഴുതുക. *(സ്കോർ 4)*

26. "ഞാൻ പേപ്പർ മടക്കി പിന്നെ കണ്ണടച്ചിരുന്നു. കുറേ നേരം കരഞ്ഞു. ആ കത്തല്ല, ആ കരച്ചിലായിരുന്നു സത്യം; ആരും വായിക്കാത്ത സത്യം.

- അടിവരയിട്ട വാക്യങ്ങൾ ധ്വനിപ്പിക്കുന്ന സത്യങ്ങൾ കുറിക്കുക. *(സ്കോർ 2)*

27. “അപ്പോൾപോലും അയാളെന്റെ കണ്ണിൽ ഒന്നു നോക്കുക. കൂടി ചെയ്തില്ല. കഷ്ടം! എന്റെ നെഞ്ച് തകർന്നുപോയവിധം.....”

“ഞാനപ്പോൾ അയാളെ ശപിച്ചവിധം! ഇപ്പോഴെനിക്കത് ആലോചിക്കുക കൂടി വയ്യ”.

**- ആടുജീവിതം**

- വാക്യങ്ങൾ അപൂർണതയിൽ നിർത്തുന്നതുകൊണ്ട് സന്ദർഭത്തിനു കൈവരുന്ന ഭാവതീവ്രത വിശദീകരിച്ച് കുറിപ്പ് തയാറാക്കുക. *(സ്കോർ 4)*

28.
- ‘ഒരു വേള പഴക്കമേറിയാലിരുളും
  മെല്ലെ വെളിച്ചമായ് വരും
  ശരിയായ് മധുരിച്ചിടും സ്വയം
  പരിശീലിപ്പൊരു കയ്പുതാനുമേ’ **- ആശാൻ**

- “എന്നാൽ പതിയെ.... പതിയെ.. ആ വാട എന്നിൽ നിന്ന് അകന്നുപോയി. അല്ലെങ്കിൽ അങ്ങനെ ഒരു വാടയെപ്പറ്റി മറന്നുപോയി. പിന്നെ പലവട്ടം ആലോചിച്ചു നോക്കിയിട്ടും എനിക്കത് അനുഭവിക്കാൻ പറ്റിയിട്ടില്ല”.

- മനുഷ്യജീവിതത്തെക്കുറിച്ചുള്ള കുമാരനാശാന്റെ ദർശനത്തെ അടിസ്ഥാനമാക്കി ആടുജീവിതത്തിലെ കഥാസന്ദർഭം വ്യാഖ്യാനിക്കുക. *(സ്കോർ 4)*

29. പ്രവാസജീവിതത്തിന്റെ ഭീകരതയും ഞെട്ടിക്കുന്ന യാഥാർഥ്യങ്ങളുമാണ് ബെന്യാമിന്റെ ആടുജീവിതത്തിലുടനീളം. നജീബിന്റെ അനുഭവവും ഗൾഫ് ജീവിതത്തെക്കുറിച്ചുള്ള നിങ്ങളുടെ ധാരണകളും താരതമ്യം ചെയ്ത് കുറിപ്പ് തയാറാക്കുക. *(സ്കോർ 6)*

30. തുരുതുരെ കൊക്കു പറക്കും പാടങ്ങൾ,
തുടരണി മണി കിലുങ്ങും മേടുകൾ,
മുടി വിടർത്താടും കവുങ്ങുതെങ്ങുകൾ -
ക്കിടയ്ക്കു പുഞ്ചിരി പൊഴിക്കും വീടുകൾ
കരയ്ക്കു മാമ്പൂവാം നിരത്തുകൾ”

- വാങ്മയ ചിത്രത്തിന്റെ ഭംഗി വ്യക്തമാക്കുക. *(സ്കോർ 4)*

31. “ഒരൊറ്റത്തെങ്ങു കണ്ടിടത്തിലൊക്കെയും
സ്മരിച്ചു ഞങ്ങളീ പിറന്ന നാടിനെ;
വെളുത്ത വസ്ത്രമൊന്നുടുത്തു കണ്ടിട-
ത്തലിവൊടോർത്തതീയമലനാടിനെ”.

- ഇന്നത്തെ കേരളത്തെയോർക്കാൻ പ്രവാസികൾക്ക് ഈ ചിഹ്നങ്ങൾ സഹായകമാകുമോ? നിങ്ങളുടെ അഭിപ്രായം സമർഥിക്കുക. *(സ്കോർ 4)*

32. ‘പുഞ്ചിരിപൊഴിക്കും വീടുകൾ’

- മലനാട്ടിലേയ്ക്ക് തിരിച്ചുവരുന്ന തൊഴിലാളി തീവണ്ടിയാത്രയ്ക്കിടെ കാണുന്ന വീടിന് നൽകിയ വിശേഷണത്തിന്റെ അർഥസാധ്യതകൾ എഴുതുക? *(സ്കോർ 2)*

33. "ഉടനോടിയടുക്കട്ടേ, ചുറ്റും
നടനം ചെയ്യട്ടേ, പഴയകൂട്ടുകാർ!"

- നാട്ടിലെത്താനുള്ള ആസ്സാംപണിക്കാരുടെ വെമ്പൽ ഈ വരികളിൽ ധ്വനിപ്പിച്ചിരിക്കുന്നതെങ്ങനെ? ഒന്നോ രണ്ടോ വാക്യത്തിൽ കുറിക്കുക? *(സ്കോർ 2)*

34. "ഇവിടെ ഞങ്ങൾക്കീപ്പഴയ മണ്ണിൽത്താ-
നിനിയും ജീവിതം പടർത്തുകിൽ പോരും" - **ആസ്സാം പണിക്കാർ**

- ഇങ്ങനെ ചിന്തിക്കാൻ പ്രവാസികളെ പ്രേരിപ്പിച്ച മാനസികാവസ്ഥ എന്താവാം? (സ്കോർ 4)

35. "അറിയുമേ ഞങ്ങളറിയുമീ നാടു
നരകമാക്കിടും നരകീടങ്ങളെ".

- ഈ വരികളിൽ തെളിയുന്ന മനോവികാരം വിശകലനം ചെയ്ത് കുറിപ്പ് തയാറാക്കുക? *(സ്കോർ 2)*

36.
- "അടിയനിനിയുമുണ്ടൊരു ജന്മമെന്നാകി-
ലടിമുതൽ മുടിയോളം നിന്നിലാകട്ടെ തായേ" - **ഉള്ളൂർ.**
- "ഇവിടെ സ്നേഹിപ്പാ, നിവിടെയാശിപ്പാ,
നിവിടെ ദു:ഖിപ്പാൻ കഴിവതേ സുഖം!" - **വൈലോപ്പിള്ളി.**

- ജന്മനാടിനോടുള്ള ആത്മബന്ധമാണ് മേൽകൊടുത്തിരിക്കുന്ന വരികളിൽ പ്രകടമാകുന്നത്. വിശകലനക്കുറിപ്പ് തയ്യാറാക്കുക. *(സ്കോർ 4)*

***